3851
5/3/21

# കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ കൂത്തുപറമ്പിൽ നടന്ന പോലീസ് വെടിവെയ്പ്പിൽ ഗുരുതരമായി പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന ശ്രീ. പുഷ്പന് പ്രതിമാസ പെൻഷൻ നൽകുന്നതിനായി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **811/2021/റവ.** തിരുവനന്തപുരം, തീയതി, 17.02.2021.

================================================================

പരാമർശം:- 1. 26.11.2016-ലെ സ.ഉ. (എം.എസ്.) നം. 578/2016/റവ.
2. കണ്ണൂർ ജില്ലാകളക്ടറുടെ 13.11.2020-ലെ DCKNR/40364/2016-M2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ കൂത്തുപറമ്പിൽ നടന്ന പോലീസ് വെടിവെയ്പ്പിൽ ഗുരുതരമായി പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന തലശ്ശേരി, ചൊക്ലി വില്ലേജ്, മേനപ്രം, പുതുകുടിയിൽ ശ്രീ. പുഷ്പന് പരാമർശം 1-ലെ ഉത്തരവ് പ്രകാരം പ്രതിമാസ പെൻഷൻ ആയി 8,000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകാൻ ഉത്തരവായിട്ടുണ്ട്. പ്രതിമാസം നൽകി വരുന്ന പെൻഷൻ ഇനത്തിൽ 2021 ജനുവരി മുതൽ മാർച്ച് വരെ നൽകുന്നതിനായി ആകെ 24,000/- രൂപ (ഇരുപത്തിനാലായിരം രൂപ മാത്രം) കണ്ണൂർ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന 24,000/- രൂപ (ഇരുപത്തിനാലായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക ശ്രീ. പുഷ്പന് വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2021 ഏപ്രിൽ മുതൽക്കുള്ള സാമ്പത്തിക വർഷത്തിലും തുടർന്നുള്ള ഓരോ സാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക മുൻകൂറായി എല്ലാ സാമ്പത്തിക വർഷത്തിന്റേയും ആദ്യമാസം ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക കണ്ണൂർ ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കണം. ശ്രീ. പുഷ്പന് ജീവിതാവസാനം വരെ

...2/-

ഓരോ മാസവും എണ്ണായിരം രൂപ വീതം പെൻഷൻ ഇനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്യാൻ കണ്ണൂർ ജില്ലാകളക്ടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. എ. ജയതിലക്,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, കണ്ണൂർ
ശ്രീ. പുഷ്പൻ, പുതുകുടിയിൽ, മേനപ്രം, ചൊക്ലി വില്ലേജ്, തലശ്ശേരി, കണ്ണൂർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.